ഡോക്ടർ, നഴ്സ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരുടെ സേവനവും സൗജന്യ മരുന്നുകളും നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി.ജി. ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ.(എംഎസ്.) 34/2015/സാ.നീ.വ. തീയതി, 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നഗരസഭാ മാസ്റ്റർ പ്ലാൻ

11 (*431) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09-ൽ "പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ഠൗൺ പ്ലാൻസ്" എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം 1-ന് സ.ഉ. (സാധാ) നമ്പർ 3982/2008/ത.സ്വ.ഭ.വ. തീയതി 13-11-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ.(സാധാ) നമ്പർ 2767/2009/ത.സ്വ.ഭ.വ. തീയതി 24-10-2009 ഉത്തരവുപ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദമാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-13 -ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ.(സാധാ) നമ്പർ 1376/2012/ത.സ്വ.ഭ.വ. തിയതി 17-5-2012., സ.ഉ.(സാധാ) 2664/2012/ത.സ്വ.ഭ.വ. തീയതി 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു.

ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാംഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും

LIBRARY ARCHIVES Kerala Legislative Assembly

(ഗ്രാമപഞ്ചായത്തുകൾക്കായുള്ള രണ്ട് മാസ്റ്റർ പ്ലാനുകൾക്ക് പുറമെ) തയ്യാറാക്കുന്നതിനായാണ് മേൽ സ്കീം വിഭാവന ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ തയ്യാറാക്കിവന്ന അഞ്ച് മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുകയും പന്ത്രണ്ട് പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ നിലവിലുള്ള എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ നിലവിൽ വരികയും അതുവഴി സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാദ്ധ്യമാകുക എന്നതാണ് ടി സ്കീമിന്റെ മുഖ്യ ലക്ഷ്യം.

(സി) നഗര-ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് (ജില്ലാ കാര്യാലയവും മുഖ്യ നഗരാസൂത്രകന്റെ (പ്ലാനിംഗ്) കാര്യാലയവും) നർവ്വഹിച്ചുവരുന്നു. കൂടാതെ വിവിധ സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻസ്, ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നീ ഘട്ടങ്ങളിൽ സ്റ്റേക് ഹോൾഡർ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു.

(ഡി) ഇത് നടപ്പാക്കുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു സ്റ്റേക്ക് ഹോൾഡർ പ്രോജക്ട് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സമയാസമയങ്ങളിൽ മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ.(സാധാ) നമ്പർ 2766/2009/ത.സ്വ.ഭ.വ. തിയതി 24-10-2009 ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി സ്റ്റേറ്റ് പ്രോജക്ട് സെല്ലിന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ ഹാൻഡ് ഔട്ട്സ്, ടൂൾ കിറ്റ്സ്, ഗൈഡ്ലൈൻസ് എന്നിവ പുറപ്പെടുവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly